സമ്പ്രദായം അവർ യു. പി. യിൽ പരീക്ഷിച്ചുനോക്കി. അതു വിജയകരമായിരുന്നു. ബംഗാളിൽ പരീക്ഷിച്ചുനോക്കിയപ്പോഴും അതത്രയോളം വിജയിച്ചില്ല. എന്തായിരുന്നാലും ജാപ്പനീസ് മാതൃകയിൽ പല മാതൃകകളും ഉപയോഗിച്ച് കൃഷി വികസിപ്പിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

നാലാം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന റെയിൽവേ ലൈനുകൾ

* 151. [6] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാലാം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു സംസ്ഥാനത്തു നിന്നും എന്തെല്ലാം 'റെയിൽവേ' ലൈനുകൾ ഗവണ്മെന്റു ശുപാർശചെയ്യുവാൻ ഉദ്ദേശിക്കുന്നു ;

(ബി) നാലാം പദ്ധതിയിൽ, കേരളത്തിൽനിന്നും എത്ര മൈൽ റെയിൽവേ ലൈൻ ഉൾപ്പെടുത്തുവാൻ കഴിയുമെന്നു ഗവണ്മെന്റു് ആരാഞ്ഞിട്ടുണ്ടോ ;

(സി) 'കൊച്ചി–ബോഡിനായ്ക്കന്നൂർ' ലൈൻ നാലാം പദ്ധതിയിൽ മുൻഗണന കൊടുത്തു ഉൾപ്പെടുത്തുന്നതിനു സത്വരനടപടി ഗവണ്മെന്റു കൈക്കൊള്ളുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ, ബി) നാലാം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റെയിൽവേ ലൈനുകളെപ്പറ്റി പരിഗണിക്കുവാൻ സമയമാകുന്നതേയുള്ളൂ.

(സി) നാലാം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ലൈനുകളെപ്പറ്റി തീരുമാനമെടുക്കുമ്പോൾ ഇതും പരിഗണിക്കുന്നതാണു്.

മി. സ്പീക്കർ : 10–ാമത്തെ ചോദ്യത്തിനും ഉത്തരം പറയാം.

പുതിയ റെയിൽവേ ലൈനുകൾ

* 152. [10] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം പദ്ധതിയിൽ നമുക്കു് അനുവദിച്ചു കിട്ടിയിട്ടുള്ള റെയിൽവേ ലൈനുകൾ ഏതെല്ലാം ;

(ബി) നാലാം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റെയിൽവേ ലൈനുകളുടെ പ്രയോറിട്ടി നിശ്ചയിക്കാൻ എന്തു മാനദണ്ഡമാണു നിശ്ചയിച്ചിട്ടുള്ളതു്;

(സി) മധുര-എറണാകുളം റെയിൽവേയ്ക്കു് top പ്രയോറിട്ടിനൽകുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ) മൂന്നാം പദ്ധതിയിൽ ഈ സംസ്ഥാനത്തു് പുതിയ റെയിൽവേ ലൈനുകൾ ഒന്നുംതന്നെ ഉൾപ്പെടുത്തിയിട്ടില്ല.

(ബി, സി) നാലാം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ലൈനുകളെപ്പറ്റി പരിഗണിക്കാൻ സമയമാകുന്നതേയുള്ളൂ.

ശ്രീ. സി. എ. മാത്യു : ഇതര സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ റെയിൽവേ ലൈനുകളുടെ കാര്യത്തിൽ കേരളം വളരെയധികം പിന്നാക്കനിലയിലാണു്. നമുക്കു് വേണ്ടിടത്തോളം റെയിൽവേ ലൈനുകൾ അനുവദിച്ചുകിട്ടുന്നില്ല. കഴിഞ്ഞ പദ്ധതിയിൽ നമുക്കു് ഒന്നും അനുവദിച്ചുകിട്ടിയില്ല. അതുകൊണ്ടു് നാലാം പദ്ധതിയിലെങ്കിലും ഈ കുറവു പരിഹരിക്കുന്നതിനു വേണ്ട സത്വരനടപടികൾ സ്വീകരിക്കുമോ ; കൂടാതെ മലയോരപ്രദേശങ്ങളിൽ പ്രത്യേകിച്ചു് വളരെയധികം വിദേശനാണയം സമ്പാദിച്ചുതരുന്ന കാർഷികോല്പാദനങ്ങൾ കയറ്റി അയയ്ക്കുന്നതിനു് സൗകര്യം ഉണ്ടാക്കു

LIBRARY ARCHIVES Kerala Legislative Assembly

ത്തക്കവിധത്തിൽ, കൊച്ചിയുമായി ബന്ധിപ്പിക്കത്തക്കവിധത്തിൽ കൊച്ചി–ബോഡിനായ്ക്കന്നൂർ റെയിൽവേ ലൈൻ ഉൾപ്പെടുത്തുന്നതിനു സത്വരനടപടി സ്വീകരിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഈ സംസ്ഥാനത്തിനു് ആവശ്യമുള്ളിടത്തോളം റയിൽവേലൈനുകൾ ഇല്ല എന്നുള്ളതു് പരമാർത്ഥമാണു്. മൂന്നാം പദ്ധതിയിൽ കുറെയധികം റയിൽവേലൈനുകൾ ഉൾപ്പെടുത്തണമെന്നു് ഈ ഗവണ്മെന്റ് ശുപാർശചെയ്തിരുന്നു. 21 ലൈനുകളുടെ ലിസ്റ്റ് തയ്യാറാക്കി കേന്ദ്രഗവണ്മെന്റിനയച്ചിരുന്നു. എന്നാൽ അതിൽ ഏറ്റവും പ്രധാനമായിട്ടുള്ള പ്രാദേശിക പ്രാധാന്യം മാത്രമല്ല, ദേശീയപ്രാധാന്യവുമുള്ള —ലൈനുകളുടെ ഒരു മുൻഗണനാലിസ്റ്റ് തയ്യാറാക്കി അയയ്ക്കാൻ കേന്ദ്ര റയിൽവേ മിനിസ്ട്രി ആവശ്യപ്പെട്ടതനുസരിച്ചു് എട്ടു് ലൈനുകളുടെ ലിസ്റ്റും ഈ ഗവണ്മെന്റ് ശുപാർശ ചെയ്തയച്ചു. പക്ഷേ നിർഭാഗ്യവശാൽ കേന്ദ്ര റയിൽവേമിനിസ്ട്രി കൈയിലുള്ള തുക അപര്യാപ്തമായതുകൊണ്ടു് പുതിയതായി ലൈനുകൾ തുടങ്ങാൻ സാധിക്കുകയില്ലെന്ന തീരുമാനത്തിലാണു് എത്തിച്ചേർന്നതു്. എന്നാൽ അതോടൊപ്പം ഈ ഗവണ്മെന്റ് ശുപാർശ ചെയ്ത ഒരു ലൈനിനെ സംബന്ധിച്ചു് അവർ പ്രാഥമികമായ നടപടികൾ എടുത്തുകൊണ്ടിരിക്കുന്നുണ്ടു്. തിരുവനന്തപുരവും കന്യാകുമാരിയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ലൈനിനെപ്പറ്റി ഈ ഗവണ്മെന്റ് ശുപാർശ ചെയ്തിട്ടുണ്ടു്. തിരുവനന്തപുരം നാഗർകോവിൽ, കന്യാകുമാരിയുമായി ബന്ധപ്പെടുത്തുന്ന റയിൽവേ ലൈനിന്റെ എൻജിനിയറിംഗ് സർവ്വേ നടന്നുകൊണ്ടിരിക്കുകയാണു്. ബഹുമാനപ്പെട്ട മെമ്പറന്മാർ പറഞ്ഞകാര്യങ്ങൾ നാലാം പദ്ധതി തയ്യാറാക്കുമ്പോൾ പരിഗണിക്കുന്നതാണു്.

ശ്രീമതി കുസുമം : മൂന്നാം പഞ്ചവത്സരപദ്ധതിയിലെ പ്രയോറിട്ടി ലിസ്റ്റനുസരിച്ചു് മനസ്സിലാക്കാൻ കഴിഞ്ഞതു് പ്രധാനപ്പെട്ട കൊച്ചി-ബോഡിനായ്ക്കന്നൂർ റയിൽവേ വന്നിട്ടില്ല എന്നുള്ളതാണു്. ഈ തിരുവനന്തപുരം-കന്യാകുമാരി ലൈൻ നമുക്കു് വളരെയധികം പ്രധാനപ്പെട്ടതാണോ എന്നു് സംശയിക്കേണ്ടതായിട്ടാണിരിക്കുന്നതു്. അതു് നമ്മുടെ അയൽ സംസ്ഥാനക്കാർ നോക്കിക്കൊള്ളും എന്നാണു് വിചാരിക്കേണ്ടതു്. ഏതായാലും നമുക്കു് വളരെയധികം പ്രധാനപ്പെട്ട കൊച്ചി-ബോഡിനായ്ക്കന്നൂർ ലൈൻ ടോപ്പു് പ്രയോറിട്ടി കൊടുത്തു് അടുത്ത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഇതിനെ സംബന്ധിച്ചു് ഗവണ്മെന്റ് തീർച്ചയായും പരിഗണിക്കുന്നതാണു്. 21 ലൈനുകളുടെ ലിസ്റ്റിൽ കൊച്ചിൻ-മധുര (വഴി) ബോഡിനായ്ക്കന്നൂർ ലൈൻ ഉണ്ടായിരുന്നു. എന്നാൽ പിന്നീടു് കേന്ദ്രഗവണ്മെന്റ് ആവശ്യപ്പെട്ടപ്പോൾ 8 ലൈനുകളുടെ ലിസ്റ്റു മാത്രമാണു് തയ്യാറാക്കി അയച്ചിട്ടുള്ളതു്. അതിൽ ഇതു് ഉൾപ്പെടുത്തിയിട്ടില്ല.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : നാലാം പദ്ധതിയിൽ പുതിയ ലൈനുകൾ ഉൾപ്പെടുത്തുമ്പോൾ, ഇപ്പോഴുള്ള തലശ്ശേരി-കൂർഗ് ലൈൻ ആരംഭിക്കുമ്പോൾ വയനാടൻ പ്രദേശങ്ങളിൽക്കൂടി കൊണ്ടുവരാൻ ശ്രമിക്കുമോ ; ഇതിനുമുമ്പു് ഒരു സർവേ നടത്തിയിട്ടുണ്ടെന്നാണു് അറിയുന്നതു്.

ശ്രീ. പി. പി. ഉമ്മർകോയ : ഈ ഗവണ്മെന്റ് ശുപാർശ ചെയ്ത 8 ലൈനുകളുടെ ലിസ്റ്റു ഞാൻ വായിക്കാം.

1. തിരുവനന്തപുരം-കന്യാകുമാരി
2. തലശ്ശേരി-കുടക്-മൈസൂർ
3. തിരുവനന്തപുരം-തെന്മല (നെടുമങ്ങാട്-കുളത്തൂപ്പുഴ വഴി)
4. ഒറ്റപ്പാലം-മണ്ണാർക്കാട്-അട്ടപ്പാടി
5. ഷൊർണ്ണൂർ-കൊച്ചി (കൊടുങ്ങല്ലൂർ വഴി)

LIBRARY ARCHIVES Kerala Legislative Assembly

6. മാവേലിക്കര-ആലപ്പുഴ-എറണാകുളം

7. തൃശ്ശൂർ-ഗുരുവായൂർ

8. കൊല്ലം-ചെങ്കോട്ട ലൈനിലുള്ള പുനലൂർ, കൊല്ലം-കോട്ടയം ലൈനിലുള്ള ചെങ്ങന്നൂരുമായോ, തിരുവല്ലയുമായോ, മാവേലിക്കരയുമായോ ബന്ധിപ്പിക്കുന്ന ഒരു Chord line. ഇങ്ങനെയുള്ള 8 ലൈനുകളുടെ ലിസ്റ്റാണു് തയ്യാറാക്കി അയയ്ക്കുന്നതു്. അതിൽ തലശ്ശേരിയെ മൈസൂറുമായി ബന്ധപ്പെടുത്തുന്ന ലൈനിനെ സംബന്ധിച്ച ശുപാർശയുമുണ്ടു്.

ശ്രീ. സി. എം. കുട്ടി : ഈ ലൈനുകളും ശുപാർശ ചെയ്യുന്നതിനുപകരം ഇപ്പോഴുള്ള ലൈനുകളിൽ അഡീഷണൽ വണ്ടികളും ഇടുന്നതിനു് ഗവണ്മെന്റു് ശുപാർശ ചെയ്യുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അതു വേറൊരു കാര്യമാണു്. അതിനെപ്പറ്റി പ്രത്യേകമായി പരിഗണിക്കുന്നതാണു്.

ശ്രീ. കെ. കൃഷ്ണപിള്ള : മൂന്നാം പദ്ധതിയിൽ തെക്കേ ഇൻഡ്യയ്ക്കു് പുതിയ ലൈനുകളും ലഭിക്കുന്നില്ല എന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ പ്രധാനമന്ത്രി നേരിട്ടു് ഇടപെട്ടതിന്റെ ഫലമായിട്ടാണു് ചില ലൈനുകളും അനുവദിച്ചതു്. അങ്ങനെ അനുവദിച്ച തിരുവനന്തപുരം-നാഗർകോവിൽ ലൈൻ മദ്രാസു് ഗവണ്മെന്റു് കേന്ദ്രഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായിട്ടുള്ളതാണു്. കേരളത്തിനു് പുതിയ ലൈനുകളും കിട്ടാത്തതു് ഈ ഗവണ്മെന്റു് കേന്ദ്രഗവണ്മെന്റിൽ വേണ്ടത്ര സമ്മർദ്ദം ചെലുത്താത്തതുകൊണ്ടാണു്. അതുകൊണ്ടു് പുതിയ ലൈനുകളും അനുവദിച്ചുകിട്ടുന്നതിനു വേണ്ടി ഈ ഗവണ്മെന്റു് വേണ്ടത്ര സമ്മർദ്ദം പ്ലാനിംഗു് കമ്മീഷനിലും കേന്ദ്രഗവണ്മെന്റിലും ചെലുത്താൻ തയ്യാറാകുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : തിരുവനന്തപുരം-നാഗർകോവിൽ ലൈൻ മൂന്നാം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. അതിനുള്ള പ്രാരംഭ എഞ്ചിനിയറിംഗു് സർവ്വേ മാത്രമാണു് നടക്കുന്നതു്. ഒരു പക്ഷേ നാലാം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു സാദ്ധ്യതയുണ്ടു്. അതു് ഈ ഗവണ്മെന്റിന്റെയും, മദ്രാസു് ഗവണ്മെന്റിന്റെയും ആവശ്യമനുസരിച്ചാണു്.

ശ്രീ. ഈ. പി. ഗോപാലൻ: മൂന്നാം പഞ്ചവത്സരപദ്ധതിയിൽ പുതുതായി ട്ടൊന്നും കിട്ടിയിട്ടില്ല. നാലാം പദ്ധതിയിലെങ്കിലും കിട്ടുമെന്നാണു് പറഞ്ഞതു്. അതുകൊണ്ടു് നാലാം പദ്ധതിയുടെ പ്രയോറിട്ടി ലിസ്റ്റെങ്കിലും കാലേക്കൂട്ടി തയ്യാറാക്കി കേന്ദ്രഗവണ്മെന്റിലേയ്ക്കയയ്ക്കാൻ തയ്യാറാകുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : പുതിയതായി ലിസ്റ്റു തയ്യാറാക്കുമ്പോഴും പല കാര്യങ്ങളും പരിഗണിക്കേണ്ടതുണ്ടു്. എല്ലാ കാര്യങ്ങളും പരിഗണിച്ചശേഷം ഒരു ലിസ്റ്റു തയ്യാറാക്കിഅയയ്ക്കുന്നതാണു്.

ശ്രീ. പി. കെ. കുഞ്ഞു് : ഇപ്പോഴും തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ ആലപ്പുഴ-കായംകുളം-കൊല്ലം ഈ തീരപ്രദേശങ്ങളും ഉൾപ്പെടുത്തി ഒരു ലൈൻ ആരംഭിക്കാൻ ഗവണ്മെന്റു് ശുപാർശ ചെയ്തിട്ടുണ്ടോ; ചെയ്തിട്ടില്ലെങ്കിൽ ഇനിയും ചെയ്യുന്ന ശുപാർശകളുടെ കൂട്ടത്തിൽ ഇതു കൂടി പെടുത്തുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : മാവേലിക്കര-ആലപ്പുഴ-എറണാകുളം ഇങ്ങനെ ഒരു ലൈനിനെപ്പറ്റി ശുപാർശ ചെയ്തിട്ടുണ്ടു്.

ശ്രീ. എ. എ. റഹീം : കൊല്ലം-എറണാകുളം ലൈനിൽ മീറ്റർഗേജു്, ബ്രാഡ്ഗേജാക്കാനുള്ള ആലോചനയുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികളും സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഈ ഗവണ്മെന്റിനു് അങ്ങനെ കേന്ദ്രഗവണ്മെന്റിനോടു് ശുപാർശ ചെയ്യണമെന്നു് ഉദ്ദേശമുണ്ടു്. എറണാകുളം-

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം ലൈൻ മീററർ ഗേജായതുകൊണ്ട് വളരെയധികം അസൗകര്യങ്ങളുണ്ട്. അതുകൊണ്ട് ഈ ലൈൻ ബ്രാഡ്ഗേജാക്കണമെന്നും ശുപാർശ ചെയ്യുന്ന കാര്യം ഗവണ്മെൻറിൻെറ പരിഗണനയിലുണ്ട്.

Mr. Speaker : Question No. 7, an dientical question has already been answered. Question No. 8 may be put now.

പാക്കേജു പദ്ധതി

* 153. [8] ശ്രീ. കെ. ഹസ്സൻ ഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) പാക്കേജു പദ്ധതിമൂലം കഴിഞ്ഞ ഒരു വർഷക്കാലത്തു് വിളവുകളിൽ എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ടു്;

(ബി) ആലപ്പുഴ ഡിസ്ട്രിക്ടിൽ എത്ര, പാലക്കാട് ഡിസ്ട്രിക്ടിൽ എത്ര ;

(സി) പാക്കേജു പദ്ധതിമൂലം കൃഷിക്കാരനു് മുമ്പുണ്ടായിരുന്നതിലും എത്ര ശതമാനം ചെലവുകൂടി വർദ്ധിച്ചിട്ടുണ്ടു് ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസു്) :

(എ, ബി) വിളവുകളിൽ വർദ്ധനവുവിവരം താഴെപ്പറയുന്ന പ്രകാരമാണു്.

ആലപ്പുഴജില്ല

വിള.	വർദ്ധനവുശതമാനം.
വിരിപ്പു്	45.42
മുണ്ടകൻ	55.10
പുഞ്ച	10.95

പാലക്കാട്ടുജില്ല

വിരിപ്പു്	28.96
മുണ്ടകൻ	19.70

(സി) ഫാം പ്രൊഡക്ഷൻ പ്ലാൻ അനുസരിച്ചു എല്ലാകാർഷിക പ്രവർത്തനങ്ങളും നടത്തുകയാണെങ്കിൽ 35 മുതൽ 40 ശതമാനംവരെ കൃഷിച്ചെലവു വർദ്ധിക്കും. എന്നാൽ സാധാരണമായി ഫാം പ്രൊഡക്ഷൻ പ്ലാൻ അനുസരിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും കർഷകർ നടത്താറില്ല. ഏതാണ്ടു് കുറെ ഇനങ്ങളും മാത്രമെ അവർ സാധാരണമായി ചെയ്യുവരുന്നുള്ളു. തന്മൂലം കാർഷിക ചെലവിൽ ശരാശരി ഒരു ഇരുപത്തിഅഞ്ചു ശതമാനം വർദ്ധനവു ഉണ്ടായിരിക്കുമെന്നു കണക്കാക്കപ്പെടുന്നു.

ശ്രീ. കെ. ഹസ്സൻ ഗനി : ഈ ചെലവു വർദ്ധനവുകൊണ്ടു് യഥാർത്ഥത്തിൽ കൃഷിക്കാർക്കു് ഗുണമൊന്നും ഉണ്ടാകുന്നില്ലെന്നു ഗവണ്മെൻറുമനസ്സിലാക്കുന്നുണ്ടോ ? പാക്കേജു് പദ്ധതിയുടെ അടിസ്ഥാനത്തിൽ കൃഷിക്കാർക്കു് Short term loan കൊടുക്കുന്നുണ്ടു്. എന്നാൽ ആ ലോൺ സംഖ്യ തിരിച്ചടയ്ക്കുന്നതിൽ 25 ശതമാനത്തിൽ കൂടുതലായിട്ടു കുടിശ്ശിക വന്നാൽ ലോൺ കൊടുത്തുതീർത്ത ആളുകൾക്കുപോലും ഒരു പൈസയും പിന്നീടു കിട്ടുകയില്ലെന്ന ഒരു പരിതഃസ്ഥിതിയുണ്ടു്. ആ പരിതസ്ഥിതി മാറുന്നതിനു റിസർവ്വ് ബാങ്കുമായി ആലോചിച്ചു ഈ ഗവണ്മെൻറു് എന്തെങ്കിലും ഏർപ്പാടുകൾ ചെയ്യുമോ ? കൊടുത്തുതീർത്ത ആളുകൾക്കു് വീണ്ടും ലോൺ എടുക്കുന്നതിനു് ഗവണ്മെൻറു് എന്തെങ്കിലും നടപടിയെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly